# അപ്പന്റെ ശാപം

നൂറുവർഷം മുൻപ് നടന്ന സംഭവം മനോരമ ദിനപത്രത്തിൽ വായിക്കുകയുണ്ടായി.കൊച്ചിയിൽ ഒരു ക്രിസ്തീയ യുവാവ് തന്റെ പിതാവിന്റെ ചെകിട്ടത്ത് ഒരു അടി വച്ചുകൊടുത്തു.പകരം ചെയ്യാതെ നിന്ന ആ പിതാവ് വേദനയോടെ നിന്റെ കൈ പട്ടി വലിച്ചുകൊണ്ടുപോകും എന്ന് പറഞ്ഞ് ശപിക്കുകയുണ്ടായി .ഏതാനും ദിവസം കഴിഞ്ഞപ്പോൾ മകൻ ഒരു ക്ഷേത്രത്തിലെ ഉത്സവത്തിനു കൊടുക്കുവാൻ വെടിക്കെട്ടുകൾ ഉണ്ടാക്കിക്കൊണ്ടിരിക്കുമ്പോൾ അവയ്ക്ക് തീ പിടിച്ച് പൊട്ടുകയും , അതിൽ വച്ച് അയാളുടെ കൈ മുറിഞ്ഞു പോകുകയും ചെയ്തു. പിറ്റേ ദിവസം മാതാപിതാക്കൾ മകനു പറ്റിയ അത്യാഹിതത്തെപ്പറ്റി പറഞ്ഞുകൊണ്ടിരിക്കുമ്പോൾ തന്നെ ഒരു പട്ടി മകന്റെ മുറിഞ്ഞ കൈ വലിച്ചുകൊണ്ട് അവരുടെ മുൻപിൽ എത്തി.ഓർക്കുക വചനം പറയുന്നു.നിനക്ക് ദീർഘായുസ്സാകുവാൻ നിന്റെ അപ്പനെയും , അമ്മയെയും ബഹുമാനിക്കുക എന്ന്.

മാതാപിതാക്കളോട് അനീദരവു കാണിക്കുന്നത് ഗുരുതരമായ ലംഘനമാണ്. ഇപ്രകാരം കാട്ടുന്ന അനാദരവുമൂലം എല്ലാക്കാര്യത്തിലും നാം ശാപത്തിന്റെ വാതിലുകളായിരിക്കും നമുക്കുമുൻപിൽ തുറന്നിടുന്നത് .മാതാപിതാക്കളുടെ എല്ലാ അഭിപ്രായങ്ങളും സ്വഭാവവും നമുക്ക് അംഗീകരിക്കുവാൻ ബുദ്ധിമുട്ടായിരിക്കും .എങ്കിലും മാതാപിതാക്കൾ എന്ന ബഹുമാനം അവർക്ക് നൽകിയാൽ അത് നമുക്ക് അനുഗ്രഹകാരണമായിത്തീരും.

ശാപവാക്കുകൾ ഉച്ചരിച്ചില്ല എങ്കിലും തന്റെ മകൻ തനിക്ക് പ്രാണഹാനി വരുത്തുവാൻ ശ്രമിക്കുന്നത് ദാവീദ് രാജാവിനെ വല്ലാതെ വേദനിപ്പിച്ചിരുന്നു. അദ്ദേഹം മകനെ ഭയപ്പെട്ട് കൊട്ടാരം വിട്ട് ഓടിപ്പോകുകയും ചെയ്തു.ഇന്നത്തെ വായനാ ഭാഗത്ത് തന്റെ കൂടെയുള്ളവരെ മകനെതിരായി അയയ്ക്കുമ്പോഴും അബ്ശാലോം കുമാരനോട് എന്നെ ഓർത്ത് ദയവായി പെരുമാറുക എന്നു പറയുന്ന അപ്പന്റെ സ്നേഹം കാണാം .പക്ഷേ അവനവൻ ചെയ്ത പ്രവർത്തിയുടെ ഫലം അവനവൻ അനുഭവിച്ചല്ലേ മതിയാകൂ. യുദ്ധത്തിനിടയിൽ അവന്റെ നീണ്ട മുടി കരുവേലകത്തിൽ കുരുങ്ങി തൂങ്ങിക്കിടന്നു. കുതിര മുമ്പോട്ട് ഓടി .ഈ വിവരമറിഞ്ഞ് മൂന്ന് കുന്തവുമായി വന്ന യോവാബ് അവനെ കുത്തി .കൂടാതെ പത്തു ബാല്യക്കാർ അവനെ പട്ടിയെ തല്ലുംപോലെ തല്ലിക്കൊന്നു. അതിനു ശേഷം വനത്തിലെ ഒരു കുഴിയിൽ വലിച്ചിട്ടു.അതിനു പുറത്ത് ഒരു വലിയ കൽക്കൂമ്പാരം ഉണ്ടാക്കി. നോക്കുക പിതാവിനെ വേദനിപ്പിച്ചവന്റെ അന്ത്യം.നാമാരുടേയും ശാപത്തിനിരയാകരുത്. കുറ്റം കൂടാതെയുള്ള ശാപം ഫലിക്കുകയില്ലയെന്നതും നാമറിഞ്ഞിരിക്കേണം. നാമാരേയും ശപിക്കുവാനിടയാകരുത്.

അതിനാൽ പ്രീയ സഹോദരങ്ങളേ കുഞ്ഞുങ്ങളേ നിന്റെ അപ്പന്റെ കല്പന പ്രമാണിക്ക. അമ്മയുടെ ഉപദേശം ഉപേക്ഷിക്കരുത്.



Sis. Shanthamma Varghese

**ശാന്തമ്മ വർഗീസ്**